(ബി) വിവിധ ജില്ലകളിൽ ആരംഭിക്കുന്ന ഇ-ലൈബ്രറി കോളേജ്, സ്ക്കൂൾ ലൈബ്രറികളുമായി ബന്ധപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ ആരംഭിക്കുന്ന ഇ-ലൈബ്രറി ജില്ലയിൽ ഒന്ന് എന്ന ക്രമത്തിൽ ഈ സാമ്പത്തിക വർഷം തന്നെ ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. കോളേജ്, സ്കൂൾ ലൈബ്രറികളുമായി ഇ-ലൈബ്രറി ബന്ധപ്പെടുത്തുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

ന്യൂനപക്ഷ വിദ്യാഭ്യാസ കമ്മീഷൻ ഉത്തരവ്

40 (5173) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. വി. ഡി. സതീശൻ:
ശ്രീ. ജോർജ് മേഴ്സിയർ :
ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ന്യൂനപക്ഷ പദവി നൽകുന്നതിന് വിദ്യാർത്ഥികളുടെ എണ്ണം മാനദണ്ഡമാക്കേണ്ടതില്ല എന്ന് ന്യൂനപക്ഷ വിദ്യാഭ്യാസ കമ്മീഷൻ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ;

(ബി) ഇതു സംബന്ധിച്ച് ന്യൂനപക്ഷ കമ്മീഷൻ എന്തൊക്കെ പുതിയ മാർഗ്ഗ നിർദ്ദേശങ്ങളാണ് പുറപ്പെടുവിച്ചിട്ടുള്ളത് ;

(സി) ന്യൂനപക്ഷ പദവി നേടുന്നതിന് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ മാജേമെന്റ് പ്രതിനിധാനം ചെയ്യുന്ന സമുദായത്തിൽപ്പെട്ട വിദ്യാർത്ഥികൾ എത്ര ശതമാനം വേണമെന്ന് നിശ്ചയിക്കാൻ സംസ്ഥാന സർക്കാരിനോട് സുപ്രീം കോടതി ആവശ്യപ്പെട്ടിരുന്നുവോ ;

(ഡി) ഇക്കാര്യത്തിൽ സംസ്ഥാന സർക്കാർ എന്തു നിലപാടാണ് സ്വീകരിച്ചത് ;

(ഇ) ന്യൂനപക്ഷ വിദ്യാഭ്യാസ കമ്മീഷന്റെ പുതിയ നിലപാടിന്മേൽ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ?

ഉത്തരം

(എ&ബി) ഇങ്ങനെ ഉത്തരവ് പുറപ്പെടുവിച്ചതായി മനസ്സിലാക്കുന്നു. എന്നാൽ ഇത് സംബന്ധിച്ച ഉത്തരവോ കത്തോ സർക്കാരിന് ലഭിച്ചിട്ടില്ല.

(സി&ഡി) ഈ വിഷയത്തിൽ ബഹുമാനപ്പെട്ട കോടതിയുടെ ഉത്തരവിന്റെ വിശദാംശങ്ങൾ അറിയിക്കാൻ സുപ്രീംകോടതിയിലെ സ്റ്റാന്റിംഗ് കൗൺസിലിനോടാവശ്യപ്പെട്ടിട്ടുണ്ട്. അത് ലഭ്യമാക്കുന്ന മുറയ്ക്ക് പരിശോധിച്ച് തീരുമാനിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) കമ്മീഷന്റെ ഉത്തരവ് ലഭിക്കുന്ന മുറയ്ക്ക് ഉചിതമായ നടപടികൾ കൈക്കൊള്ളുന്നതാണ്.

ന്യൂനപക്ഷങ്ങലുടെ വിദ്യാഭ്യാസത്തിന് വയനാട് ജില്ലയിൽ ചെലവഴിച്ച തുക

41 (T5174) ശ്രീ. പി. കൃഷ്ണപ്രസാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബിരുദ, ബിരുദാനന്തര ബിരുദ പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന മുസ്ലീം പെൺകുട്ടികൾക്കുള്ള സ്കോളർഷിപ്പ്, ഹോസ്റ്റൽ ഫീസ് പദ്ധതി പ്രകാരം വയനാട് ജില്ലയിൽ നിന്നും ആനുകൂല്യം ലഭിച്ചവരുടെ വിശദാംശം മണ്ഡലം തിരിച്ച് ലഭ്യമാക്കുമോ ;

(ബി) ന്യൂനപക്ഷങ്ങലുടെ വികസനത്തിനായി വയനാട് ജില്ലയിൽ ഈ സർക്കാർ ചെലവഴിച്ച തുകയും നടപ്പിലാക്കിയ പദ്ധതികളും വിശദമാക്കുമോ ?

ഉത്തരം

(എ) 2009-10 സാമ്പത്തിക വർഷത്തിൽ ജില്ലയിലെ വിവിധ കോളേജുകളിൽ പാലൊളി മുഹമ്മദ്കുട്ടി കമ്മിറ്റിയുടെ ശുപാർശ പ്രകാരം മുസ്ലീം പെൺകുട്ടികൾക്കുള്ള സ്കോളർഷിപ്പ്/ ഹോസ്റ്റൽ ചാർജ് അനുവദിച്ചതിന്റെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

(i) ഹോസ്റ്റൽ ചാർജ്ജായി 6 കോളേജുകളിൽ 19 വിദ്യാർത്ഥികൾക്ക് 10,000 രൂപ നിരക്കിൽ 1,90,000 രൂപ അനുവദിച്ചു.

(ii) സ്കോളർഷിപ്പിനത്തിൽ 11 കോളേജുകളിൽ 25 വിദ്യാർത്ഥിനികൾക്ക് 3000, 4000, 5000 എന്നീ നിരക്കിൽ 1,01,000 രൂപ അനുവദിച്ചു.

ഡിഗ്രി	-	11 x 3000 =	33,000
പി.ജി.	-	2 x 4000 =	8000
പ്രൊഫഷണൽ കോഴ്സ്	-	12 x 5000 =	60,000
	ആകെ	:	1,01,000

സ്കോളർഷിപ്പിനും ഹോസ്റ്റൽ ചാർജ്ജിനുമായി ആകെ 2,91,000 രൂപ അനുവദിച്ചു.

(ബി) ന്യൂനപക്ഷങ്ങളുടെ വികസനത്തിനായി വയനാട് ജില്ലയിൽ കേന്ദ്ര സർക്കാർ പദ്ധതികളായ പോസ്റ്റ് മെട്രിക്, മെരിറ്റ് കം മീൻസ് എന്നീ സ്കോളർഷിപ്പ് പദ്ധതികളിലൂടെ ചെലവഴിച്ച തുകകളുടെ വിവരം ചുവടെ ചേർക്കുന്നു.

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly